ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടില്ലാത്ത നികുതി കുടിശ്ശിക മുൻകാല പ്രാബല്യത്തോടെ പിരിച്ചെടുക്കുന്നതിന് ഇപ്പോൾ ആർ.ആർ. നോട്ടീസ് ആയിരിക്കുകയാണ്. ഇത് നിർത്തി വയ്ക്കാനുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, അദ്ദേഹം പറഞ്ഞ കാര്യം ശരിയണ്. കേന്ദ്ര ഗവൺമെന്റ് നമുക്ക് നൽകിക്കൊണ്ടിരുന്ന 20 ശതമാനം റിബേറ്റ് എം.ഡി.എ. (മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റ്സ്) ആക്കിമാറ്റിയതുകൊണ്ട് നമുക്ക് ഇപ്പോൾ കേന്ദ്രത്തിന്റെ 20 ശതമാനം റിബേറ്റ് കൊടുക്കാൻ വയ്യാത്ത സ്ഥിതിയാണുള്ളത്. ഇത്തവണ തിരുവോണത്തിന് ഖാദിക്ക് റിബേറ്റ് നൽകാൻ സാധിക്കാത്ത ഒരു അവസ്ഥയാണ് വരാൻ പോകുന്നത്. ഈ വിഷയം കേന്ദ്രത്തിൽ ഖാദിയുടെ ചുമതല വഹിക്കുന്ന മന്ത്രിയെ നേരിട്ട് കണ്ട് സംസാരിച്ച് നിവേദനം കൊടുത്തിട്ടുണ്ട്. അനുകൂലമായ നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. അങ്ങനെയുണ്ടെങ്കിൽ മാത്രമേ തിരുവോണത്തിന് കേന്ദ്രത്തിന്റെ 20 ശതമാനം റിബേറ്റ് കൊടുക്കാൻ പറ്റുകയുള്ളൂ. സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന 10 ശതമാനം റിബേറ്റ് നൽകിവരുന്നുണ്ട്. അതുപോലെ റിബേറ്റ് കുടിശ്ശികയുടെ കാര്യം പറഞ്ഞിരുന്നു. സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കേണ്ട റിബേറ്റ് കുടിശ്ശിക കഴിയുന്നിടത്തോളം വേഗത്തിൽ കൊടുക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുവരുകയാണ്. 25 ലക്ഷം രൂപ വരെ വിറ്റുവരവുള്ള ഖാദി വ്യവസായങ്ങളെ 1-4-2004 മുതൽ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ പഴയ വിൽപ്പന നികുതി കുടിശ്ശിക ഒരു വലിയ പ്രശ്നമാണ്. ഒരു കാരണവശാലും അങ്ങനെയുള്ള കുടിശ്ശിക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കരുതെന്ന് ടാക്സസ് ഡിപ്പാർട്ടുമെന്റിൽ നിന്നും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന കാര്യം കൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

(5) കോള ഫാക്ടറി അടച്ചുപൂട്ടാൻ നടപടി

ശ്രീ. പി. എസ്. സുപാൽ : സർ, കൊക്കക്കോള കമ്പനി നടത്തുന്ന ചിറ്റൂർ മേഖല രൂക്ഷമായ ജലക്ഷാമം നേരിടുകയാണ്. ഒരു ദിവസം ഏതാണ്ട് 15 ലക്ഷം ലിറ്റർ ജലമാണ് കോള കമ്പനി ഊറ്റി എടുക്കുന്നത്. അതുകൊണ്ട് അടുത്തുള്ള കമ്പനികളിലൊന്നും തന്നെ വെള്ളമില്ലാത്ത സ്ഥിതിയാണ്. ആരോഗ്യ വകുപ്പ് അങ്ങനെ വെള്ളം ഉപയോഗിക്കാൻ പാടില്ല എന്നുള്ള തരത്തിൽ അനൗൺസ്മെന്റ് വരെ നടത്തിയിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടുണ്ട്. അതുപോലെ തന്നെ ഭൂഗർഭജലം മലിനമാക്കപ്പെടുന്നു എന്നതിനെ സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ കൊക്കക്കോള കമ്പനിയുടെ അംഗീകാരം റദ്ദാക്കണമെന്ന് പറഞ്ഞുകൊണ്ട് അവിടത്തെ പഞ്ചായത്ത് തീരുമാനം എടുത്തു. അതിന് സ്റ്റേ കൊടുത്തിരിക്കുകയാണ്. ജനങ്ങൾക്കും പഞ്ചായത്തിനും വേണ്ടാത്ത ഈ സ്ഥാപനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തിൽ ഗവൺമെന്റ് ഇങ്ങനെ ഒരു സമീപനം സ്വീകരിക്കാൻ പാടില്ല. ഗവൺമെന്റ് ജനങ്ങളോടൊപ്പമല്ലേ നിൽക്കേണ്ടത്? ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ഇതിനെതിരെ ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് സ്റ്റേ കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് സ്റ്റേ പിൻവലിക്കണം അതിന്റെ അംഗീകാരം റദ്ദാക്കണം. ശ്രീ. കെ. പി. രാജേന്ദ്രൻ കഴിഞ്ഞ സഭയിൽ ഈ പ്രശ്നം ഉന്നയിച്ചതാണ്. അപ്പോൾ വ്യക്തമായ മറുപടി മന്ത്രി പറഞ്ഞില്ല. ഇത് കേരളത്തിലെ എല്ലാപേരും ഉറ്റുനോക്കുന്ന ഒരു വിഷയമാണ്. ഇത് നിസാരമായി കാണാൻ മന്ത്രി ശ്രമിക്കരുത്. വളരെ ഗൗരവമായിട്ടുള്ള ഈ വിഷയത്തിൽ ആധികാരികമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായം പറയുവാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, ഭൂഗർഭജലം ചൂഷണം ചെയ്യുന്നു, മലിനീകരണം സൃഷ്ടിക്കുന്നു എന്നീ കാരണങ്ങളാൽ പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയുടെ ലൈസൻസ് പെരുമാട്ടി പഞ്ചായത്ത് റദ്ദാക്കിയതിനെ തുടർന്ന് ഹൈക്കോടതിയിൽ നടന്നുവന്നിരുന്ന കേസ് ഹൈക്കോടതി നിഷേധിച്ചു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ ഭൂഗർഭജലം എടുക്കുന്നതിന് കമ്പനിയിൻമേലുള്ള നിയന്ത്രണം മൺസൂൺകാലം വരെ മതിയാക്കണമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനിടയിൽ ഇടവപ്പാതി വരെ ഭൂഗർഭജലം ഉപയോഗിക്കരുതെന്ന് 21-2-2004-ലെ ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞിരുന്നു. ഇതിനെതിരെ കമ്പനി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിൽ അവരെ നേരിട്ട് കേട്ട് അപ്പീൽ തീർക്കാൻ നിർദ്ദേശിച്ചു. 1-4-2004-ൽ ലൈസൻസ് പുതുക്കുന്നതിന് നൽകിയ അപേക്ഷ പഞ്ചായത്ത് നിരസിച്ചതിനെതിരെ സർക്കാർ നൽകിയ അപ്പീൽ നിബന്ധനകൾക്ക് വിധേയമായി സ്റ്റേ അനുവദിക്കുകയുണ്ടായി. ഗവൺമെന്റ് നിർദ്ദേശിച്ചതിനെതിരെ പഞ്ചായത്ത് കോടതിയിൽ റിട്ട് ഹർജി നൽകി. സ്റ്റേ സമ്പാദിച്ചിരിക്കുകയാണ്. കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ബംഗാളിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ ഇപ്പോഴും കൊക്കകോള കമ്പനി പ്രവർത്തിച്ചു വരുകയാണ്.

(6) പമ്പയാറ്റിൽ തടയണ നിർമ്മിക്കാൻ നടപടി

ശ്രീമതി മാലേത്ത് സരളാദേവി : സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായ ഒരു വിഷയം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പ്രാക്തന സംസ്കൃതിയുടെ ചൈതന്യധന്യവും ആദ്ധ്യാത്മോൻമുഖവുമായ ഒരു സ്മാരകമായി ഇന്നേയ്ക്ക് 607 വർഷങ്ങൾക്കുമുൻപ് പമ്പാനദിയിൽ പരമ്പരാഗത ശൈലിയിൽ ആരംഭിച്ച് അഭംഗുരം നടന്നുവന്നിരുന്ന ലോക പ്രശസ്തമായ ആറൻമുള ഉത്രട്ടാതി വള്ളംകളി ചരിത്രത്തിൽ ആദ്യമായി കഴിഞ്ഞ വർഷം മുടങ്ങാൻ ഇടയായി. ഈ സംഭവം പമ്പയുടെ ഇരുകരകളിലുമുള്ള ജനങ്ങളെ ജാതി മത രാഷ്ട്രീയ വിചാരങ്ങൾക്ക് അതീതമായി വേദനിപ്പിച്ചു. ഇതിന്റെ കാരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly